# പകർപ്പുപേക്ഷയും ക്രിയേറ്റീവ് കോമൺസ് അനുമതിപത്രവും

**ഡോ. ഗോപകുമാർ**
**വിമൽകുമാർ വി**

നിലവിലുള്ള ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ വാണിജ്യ പ്രസാധകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും കലാസാഹിത്യസൃഷ്ടികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്നു. ഇന്റർനെറ്റിന്റെ പ്രചാരത്തോടെ പകർപ്പുപേക്ഷയോടുകൂടിയ സ്വതന്ത്രവിനിമയം സാധ്യമായ സൃഷ്ടികൾ കൂടുതൽ നിർമിക്കപ്പെടാൻ തുടങ്ങി. വിവിധ രംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾ, വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ, ലൈബ്രറികൾ, ആർക്കൈവുകൾ, മാധ്യമസ്ഥാപനങ്ങൾ തുടങ്ങിയവരാണ് സ്വതന്ത്ര സൃഷ്ടികൾ നിർമിക്കുന്നവരിൽ പ്രമുഖർ. സമൂഹം നൽകുന്ന ആദരവും അംഗീകാരവുമാണ് സൃഷ്ടികൾ. നികുതിദായകരുടെ പണം കൊണ്ട് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ഗവേഷണസ്ഥാപനങ്ങളും പ്രസിദ്ധീകരണങ്ങളും രേഖകളും പകർപ്പുപേക്ഷയോടെ സ്വതന്ത്രമായി ഉപയോഗിക്കാൻ അനുവദിക്കേണ്ടതാണ്.

## എന്താണ് പകർപ്പുപേക്ഷ

കലാസാഹിത്യ ബൗദ്ധികസൃഷ്ടികളിന്മേലുള്ള പകർപ്പവകാശം നിലനിർത്തിക്കൊണ്ട് പൊതുസമൂഹത്തിന് സ്വതന്ത്രമായി ഉപയോഗിക്കാൻ നൽകുന്ന രീതിയാണ് പകർപ്പുപേക്ഷ (copyleft). പകർപ്പവകാശത്തിന് വിരുദ്ധമായി സൃഷ്ടികൾ വിതരണം ചെയ്യാനും മാറ്റങ്ങൾ വരുത്തി ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യം പൊതുസമൂഹത്തിനു ലഭിക്കുന്നു. ഗാന്ധിജി എഴുതി 1909ൽ ഗുജറാത്തി ഭാഷയിൽ പ്രസിദ്ധീകരിച്ച ഹിന്ദ് സ്വരാജ് എന്ന പുസ്തകം പകർപ്പുപേക്ഷയായിട്ടാണ് പ്രസിദ്ധീകരിച്ചത്. അതിൽ അദ്ദേഹം സ്വരാജ്, ആധുനിക നാഗരികത, യന്ത്രവൽക്കരണം തുടങ്ങിയവയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്നു. ലണ്ടനിൽനിന്ന് ദക്ഷിണാഫ്രിക്കയിലേക്ക് കപ്പൽ യാത്ര ചെയ്യുന്നതിനിടെ (1909 നവംബർ 13-22) ഗാന്ധിജി തന്നെയാണ് ഈ പുസ്തകം ഇംഗ്ലീഷിലേക്ക് പരിഭാഷ നടത്തി പകർപ്പുപേക്ഷയോടെ പ്രസിദ്ധീകരിച്ചത്. ഈ പുസ്തകത്തിന് ധാരാളം പരിഭാഷകൾ ഉണ്ടായി. ഹിന്ദ് സ്വരാജിന്റെ ലക്ഷക്കണക്കിന് കോപ്പികൾ അച്ചടിക്കപ്പെടുകയും ധാരാളം പേർ വായിക്കാനിടവരികയും ചെയ്തതിനാൽ കൂടുതൽ പ്രചാരം ലഭിക്കുകയും ചെയ്തു. ഹിന്ദ് സ്വരാജ് എന്ന പുസ്തകത്തിന്റെ വർധിച്ചുവന്ന പ്രചാരത്തിൽ ഭയന്ന ബ്രിട്ടീഷ് സർക്കാർ ഇംഗ്ലീഷ് ഒഴികെയുള്ള മറ്റു പതിപ്പുകൾ എല്ലാം തന്നെ നിരോധിച്ചു.

സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനമാണ് പകർപ്പുപേക്ഷ എന്ന ആശയത്തിന് ആധുനിക കാലത്തു ശക്തി പകരുകയും പ്രചാരം കൊടുക്കുകയും ചെയ്തത്. സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ വിതരണത്തിനാണ് പകർപ്പുപേക്ഷ അടിസ്ഥാനമാക്കി അനുമതിപത്രം വികസിപ്പിച്ചത്. റിച്ചാർഡ് സ്റ്റാൾമാന്റെ 1988-ൽ തയാറാക്കിയ ഗ്നു ജനറൽ പബ്ലിക് ലൈസൻസ് (GNU General Public Licence) ആണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ വിതരണത്തിനായി തയാറാക്കിയ ആദ്യത്തെ അനുമതിപത്രം. ഇതേ മാതൃകയിൽ സോഫ്റ്റ്‌വെയർ മാന്വലുകൾ പകർപ്പുപേക്ഷയായി വിതരണം ചെയ്യാൻ 2008ൽ തയാറാക്കിയ അനുമതിപത്രമാണ് ഗ്നു സ്വതന്ത്ര പ്രസിദ്ധീകരണാനുമതി (GNU Free Documentation Licence).


## എന്തുകൊണ്ട് പകർപ്പുപേക്ഷ സ്വീകരിക്കണം?

മനുഷ്യരാശിയുടെ ഇന്നേവരെയുള്ള പുരോഗതിക്കു പ്രധാന കാരണങ്ങൾ സ്വതന്ത്രചിന്തയും, വിവിധ ശാസ്ത്രമേഖലകളിലെ ഗവേഷണങ്ങളും ആണ്. ലോകത്തെ ഭയപ്പെടുത്തിയ പലതരത്തിലുള്ള രോഗങ്ങളെയും പിടിച്ചു കെട്ടിയത് വൈദ്യശാസ്ത്രരംഗത്തെ ഗവേഷണഫലങ്ങളും അവയുടെ സ്വതന്ത്ര ഉപയോഗം സാധ്യമാക്കിയുമാണ്. ഒരു

കാലത്ത് ജനലക്ഷങ്ങളെ കൊന്നൊടുക്കിയ മഹാമാരിയാണ് വസൂരി (smallpox). എഡ്വേർഡ് ജെന്നർ എന്ന ഇംഗ്ലീഷ് വൈദ്യശാസ്ത്രജ്ഞനാണ് വസൂരിയെ നിർമാർജനം ചെയ്യാൻ വാക്സിനേഷൻ എന്ന ചികിൽസാരീതി വികസിപ്പിച്ചെടുത്ത് സമൂഹത്തിനായി സമർപ്പിച്ചത്. അദ്ദേഹം വാക്സിനേഷൻ ചികിൽസാരീതിയെ സ്വകാര്യ അവകാശമായി നിലനിർത്തിയിരുന്നെങ്കിൽ വസൂരി ചികിൽസ ചിലവേറിയതായി മാറുകയും സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും അതിന്റെ ഗുണം കിട്ടാതെയും വന്നേനെ.

കലാസാഹിത്യ, ബൗദ്ധികസൃഷ്ടികൾ സ്വതന്ത്രവിനിമയത്തിനായി ലഭ്യമാകുമ്പോൾ കൂടുതൽ ആളുകൾ ഉപയോഗിക്കാൻ ഇടവരുന്നു. പൊതുസമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കപ്പെടുന്നതിനോടൊപ്പം, അതിന്റെ സ്രഷ്ടാവിന് കൂടുതൽ പ്രശസ്തി ലഭിക്കുന്നു. പകർപ്പവകാശത്തോടെ പുറത്തിറങ്ങുന്ന ഭൂരിഭാഗം സാഹിത്യ, വൈജ്ഞാനിക പ്രസിദ്ധീകരണങ്ങളും സ്വതന്ത്ര ഉപയോഗം സാധ്യമാകാതെ പ്രസിദ്ധീകരണശാലകളിലും പുസ്തകശാലകളിലും വിറ്റഴിക്കപ്പെടാതെ ഇരിക്കുകയാണ് പതിവ്. പുസ്തകങ്ങൾ പകർപ്പുപേക്ഷയോടെ ഇന്റർനെറ്റിൽ ലഭ്യമാകുമ്പോൾ കൂടുതൽപേർക്ക് വായിക്കാനുള്ള അവസരം കിട്ടുന്നു. പുസ്തകത്തെപ്പറ്റി ചർച്ചകൾ നടക്കാനും, കൂടുതൽ ആളുകളിൽ നിന്ന് അഭിപ്രായങ്ങളും നിർദേശങ്ങളും ലഭിക്കാനുമുള്ള സാധ്യത കൂടുതലാണ്. അഭിപ്രായങ്ങളും നിർദേശങ്ങളും, ഉൾപ്പെടുത്തിക്കൊണ്ട് നവീകരിച്ച പതിപ്പും അതിവേഗം പ്രസിദ്ധീകരിക്കാവുന്നതാണ്.

ഗവേഷണപ്രസിദ്ധീകരണങ്ങളുടെ കാര്യത്തിലും പകർപ്പുപേക്ഷ എന്ന ആശയം വളരെയധികം പ്രചാരം നേടിക്കഴിഞ്ഞു. ഗവേഷണപ്രബന്ധങ്ങളും ലേഖനങ്ങളുമാണ് ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പുതിയ അറിവുകൾ നേടാൻ ആശ്രയിക്കുന്നത്. എല്ലാ രാജ്യങ്ങളിലും ഗവേഷണ പ്രവർത്തനങ്ങളുടെ ഭൂരിഭാഗവും നടക്കുന്നത് സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിലാണ്. ഗവേഷണത്തിനുള്ള പണം നൽകുന്നതും പൊതുഖജനാവിൽ നിന്നാണ്. ഗവേഷണഫലമായി ലേഖനങ്ങൾ പ്രസിദ്ധീകരിക്കേണ്ടത് ഗവേഷണ പ്രക്രിയയുടെ ഭാഗമാണ്. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പ്രസിദ്ധീകരണശാലകൾ നടത്തുന്ന പ്രസിദ്ധീകരണങ്ങളിലാണ് ഗവേഷണ സംബന്ധിയായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാൻ ഗവേഷകർ താൽപ്പര്യം കാട്ടുന്നത്. ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതുകൊണ്ട് ലേഖകർക്ക് സാമ്പത്തികനേട്ടം ഒന്നുമില്ല. പൊതുജനങ്ങളുടെ പണംകൊണ്ട് നടത്തിയ ഗവേഷണപ്രവർത്തനങ്ങളുടെ ഫലം പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ പകർപ്പവകാശം പ്രസിദ്ധീകരണശാലകളുടെ ഉടമസ്ഥതയിൽ ആവുന്നു. ഗവേഷണ പ്രസിദ്ധീകരണങ്ങൾക്ക് ഉയർന്ന വില ഈടാക്കിയാണ് ഗവേഷണ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിൽക്കുന്നത്. ഗവേഷണ-ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാർഷിക വിഹിതത്തിൽ നിന്നും വലിയൊരു ഭാഗം ഉയർന്ന വിലയുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങൾ വാങ്ങാനാണ് ഉപയോഗിക്കുന്നത്. കർശനമായ പകർപ്പവകാശവും ഉയർന്ന വിലയും ലേഖനങ്ങൾ കൂടുതൽ ഗവേഷകരുടെ ഇടയിലേക്ക് പ്രചരിക്കാനുള്ള സാധ്യത കുറയുന്നു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക്, അതേ മേഖലയിൽ നടന്ന ഗവേഷണപ്രവർത്തനങ്ങളുടെ വിവരങ്ങൾ പ്രതിപാദിക്കുന്ന ലേഖനങ്ങൾ വായിച്ചറിയേണ്ടതുണ്ട്.


എഡ്വേർഡ് ജന്നർ


## പകർപ്പുപേക്ഷ അനുമതിപത്രങ്ങൾ

കലാസാഹിത്യവൈജ്ഞാനിക സൃഷ്ടികളെ പൊതുസമൂഹത്തിനായി സ്വതന്ത്രമാക്കുന്നത് പകർപ്പുപേക്ഷയുള്ള ഒരു അനുമതിപത്രം (Licence) സ്വീകരിച്ചുകൊണ്ടാണ്. സ്രഷ്ടാവിന്റെ പകർപ്പവകാശം നിലനിർത്തിക്കൊണ്ട് പൊതുസമൂഹത്തിന് സ്വതന്ത്രമായി ഉപയോഗിക്കാനുള്ള വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് പകർപ്പുപേക്ഷ അനുമതി പത്രങ്ങൾ തയാറാക്കുന്നത്. പകർപ്പുപേക്ഷയ്ക്കായി സമഗ്രമായി തയാറാക്കിയ പ്രചാരത്തിലുള്ള ഒരു അനുമതിപത്രം സ്വീകരിക്കാവുന്നതാണ്. നിരവധി പകർപ്പുപേക്ഷ അനുമതിപത്രങ്ങൾ പ്രചാരത്തിലുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും സ്വതന്ത്ര സോഫ്റ്റ്‌വെയർ വിതരണത്തിനായി എഴുതപ്പെട്ടതാണ്. ഫ്രീ സോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ (FSF) സ്വതന്ത്ര സോഫ്റ്റ്‌വെയർ നൽകുന്ന സ്വാതന്ത്ര്യങ്ങളെ നിർവചിച്ചിട്ടുണ്ട്. അവയെ അടിസ്ഥാനമാക്കി തയാറാക്കിയ ആദ്യത്തെ സ്വതന്ത്ര സോഫ്റ്റ്‌വെയർ അനുമതിപത്രമാണ് ഗ്നു ജനറൽ പബ്ലിക് ലൈസൻസ് (GNU General Public Licence). ഗ്നു ജനറൽ പബ്ലിക് ലൈസൻസ് മാതൃകയായി സ്വീകരിച്ചുകൊണ്ടാണ് ഭൂരിഭാഗം പകർപ്പുപേക്ഷ അനുമതിപത്രങ്ങളും തയാറാക്കിയിരിക്കുന്നത്. എല്ലാ പകർപ്പുപേക്ഷ അനുമതിപത്രങ്ങളും സൃഷ്ടിയുടെ പകർപ്പ് കൈവശമുള്ള ഓരോ വ്യക്തിക്കും താഴെ പറയുന്ന സ്വാതന്ത്ര്യങ്ങൾ നൽകുന്നു.

- സൃഷ്ടി ഉപയോഗിക്കാനുള്ള അവകാശം
- പഠിക്കാനുള്ള അവകാശം
- പകർത്താനും മറ്റുള്ളവരുമായി പങ്കിടാനുള്ള സ്വാതന്ത്ര്യം
- നവീകരിക്കാനുള്ള സ്വാതന്ത്ര്യം, നവീകരിച്ചത് പ്രകാശനം ചെയ്യാനും വിതരണം ചെയ്യാനുമുള്ള സ്വാതന്ത്ര്യം.

പകർപ്പുപേക്ഷയുള്ള സൃഷ്ടി ആധാരമാക്കി മറ്റൊരു സൃഷ്ടി നിർമിക്കുന്നുവെങ്കിൽ, പുതിയ സൃഷ്ടിക്കും പകർപ്പുപേക്ഷ ബാധകമായിരിക്കും എന്ന നിബന്ധനയും അനുമതി പത്രങ്ങൾ ചേർക്കാറുണ്ട്. ഫ്രീ സോഫ്റ്റ്‌വെയർ വിതരണത്തിനു

ലോറൻസ് ലെസ്സിങ്





റിച്ചാർഡ് സ്റ്റാൾമാൻ

ളളത്, സോഫ്റ്റ്‌വെയർ വിതരണത്തിനുള്ളത്, സോഫ്റ്റ്‌വെയർ ഡോക്യുമെന്റേഷനായുള്ളത്, ഇതര ആവശ്യങ്ങൾക്കുള്ളത് എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ഇതര ആവശ്യങ്ങൾക്കുള്ള അനുമതിപത്രങ്ങളുടെ കൂട്ടത്തിലാണ് കലാസാഹിത്യ സൃഷ്ടികളുടെ പകർപ്പപേക്ഷയ്ക്കായുള്ള അനുമതി പത്രങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നത്. ഇതിൽ ക്രിയേറ്റീവ് കോമൺസ് ലൈസൻസ് (Creative Commons Licence) ആണ് കലാസാഹിത്യ സൃഷ്ടികൾ സ്വതന്ത്രമായി വിതരണം ചെയ്യാൻ അനുയോജ്യമായ അനുമതി പത്രം.

## ക്രിയേറ്റീവ് കോമൺസ് അനുമതിപത്രം

വളരെയധികം പ്രചാരമുള്ളതും, സമഗ്രവുമായ പൊതു പകർപ്പവകാശ അനുമതി പത്രമാണ് ക്രിയേറ്റീവ് കോമൺസ് (Creative Commons). സൃഷ്ടികളുടെ സ്വതന്ത്ര വിനിയോഗം സുഗമമാക്കുന്നതിനായി നിരവധി വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അനുമതിപത്രം തയാറാക്കാൻ ക്രിയേറ്റീവ് കോമൺസ് സഹായിക്കുന്നു. ലോറൻസ് ലെസ്സിങ് എന്ന നിയമജ്ഞന്റെ നേതൃത്വത്തിലാണ് 2002ൽ ക്രിയേറ്റീവ് കോമൺസ് അനുമതിപത്രം വികസിപ്പിച്ചെടുത്തത്. പുസ്തകങ്ങൾ, സിനിമ, നാടകങ്ങൾ, സംഗീതം, ലേഖനങ്ങൾ, ഫോട്ടോഗ്രാഫുകൾ, വെബ്സൈറ്റുകൾ, ബ്ലോഗുകൾ തുടങ്ങിയ സൃഷ്ടികൾ ക്രിയേറ്റീവ് കോമൺസ് പരിധിയിൽ വരുന്നുണ്ട്. നാല് അടിസ്ഥാന നിബന്ധനകളാണ് ക്രിയേറ്റീവ് കോമൺസ് അനുമതിപത്രങ്ങളുടെ ആധാരം. Attribution, Share-Alike, Non-Commercial, No Derivatives. ഇവ ഓരോന്നായി വിശദമാക്കാം.




Attribution (By) - സ്രഷ്ടാവിനെ അനുസ്മരിച്ചുകൊണ്ട് ഉപയോക്താവിന് സൃഷ്ടികൾ പകർത്തുകയോ, വിതരണം ചെയ്യുകയോ, പ്രദർശിപ്പിക്കുകയോ, മാറ്റം വരുത്തി ഉപയോഗിക്കുകയോ ചെയ്യാം.

Share Alike (SA) - യഥാർഥ സൃഷ്ടിയിൽ ഉപയോഗിച്ചിരിക്കുന്ന അനുമതിപത്രം ഉപയോഗിച്ചു വേണം മാറ്റം വരുത്തിയ രീതിയിലുള്ള സൃഷ്ടികൾ വിതരണം ചെയ്യേണ്ടത്. സ്രഷ്ടാവിനെ അനുസ്മരിക്കുകയും വേണം.

Non Commercial (NC) - വാണിജ്യേതര ആവശ്യങ്ങൾക്കായി മാത്രം ലൈസൻസികൾക്ക് സൃഷ്ടി പകർത്താനും വിതരണം ചെയ്യാനും പ്രദർശിപ്പിക്കാനും അവതരിപ്പിക്കാനും മാറ്റങ്ങൾ വരുത്തി പുനഃസൃഷ്ടിക്കാൻ കഴിയുന്നവയും. സ്രഷ്ടാവിനെ അനുസ്മരിക്കുന്നതായിരിക്കുകയും വേണം.

No-Derivatives (ND) - ഉപയോക്താക്കൾക്ക് സൃഷ്ടി അതേപടി മാത്രമേ പകർത്താനും വിതരണം ചെയ്യാനും പ്രദർശിപ്പിക്കാനും അവതരിപ്പിക്കാനും അനുവാദമുള്ളൂ. സൃഷ്ടിയിൽ മാറ്റം വരുത്തി ഉപയോഗിക്കാൻ അനുവാദമില്ല. സ്രഷ്ടാവിനെ അനുസ്മരിക്കുകയും വേണം. ക്രിയേറ്റീവ് കോമൺസ് അടിസ്ഥാന നിബന്ധനകൾ സംയോജിപ്പിച്ച് വിവിധ തരത്തിലുള്ള അനുമതിപത്രങ്ങൾ നിർമിക്കാം. ഇങ്ങനെ നിർമിക്കുന്ന അനുമതിപത്രങ്ങൾ പ്രദർശിപ്പിക്കാൻ പ്രത്യേക മുദ്രകളും ഉപയോഗിക്കുന്നുണ്ട്. മുകളിൽ വിവരിച്ച നാല് വ്യവസ്ഥകളുടെ സംയോജനത്തെ അടിസ്ഥാനമാക്കി ആറ് അനുമതിപത്രങ്ങൾ ക്രിയേറ്റീവ് കോമൺസ് ഉപയോഗിച്ച് നിർമിക്കാം.


## ക്രിയേറ്റീവ് കോമൺസ് അനുമതിപത്രം നിർമിക്കാം

നിങ്ങളുടെ സൃഷ്ടിയുടെ പകർപ്പവകാശത്തിനും സ്വതന്ത്ര വിതരണത്തിനും അനുയോജ്യമായ അനുമതിപത്രം വിവിധ നിബന്ധനകൾ സംയോജിപ്പിച്ചു നിർമിക്കാനുള്ള ഉപാധി ക്രിയേറ്റീവ് കോമൺസ് വെബ്സൈറ്റിൽ ലഭ്യമാണ്. വെബ് മേൽവിലാസം https:creativecommons.org/choose എന്നാണ്. ലൈസൻസ് നിർമിക്കുന്നതിനൊപ്പം സൃഷ്ടികളുടെ മെറ്റാഡാറ്റ (Metadata), ലോഗോ, വെബ്സൈറ്റിലും ബ്ലോഗിലും കൊടുക്കാനുള്ള കോഡുകൾ, അനുമതിപത്രത്തിന്റെ വിശദരൂപം പ്രതിപാദിക്കുന്ന വെബ്സൈറ്റിലേക്കുള്ള ലിങ്ക് എന്നിവ ഉപഭോക്താവിന് വേണ്ടി

നിർമിച്ചു തരും. അതുപയോഗിച്ചുകൊണ്ട് കലാസാഹിത്യസൃഷ്ടികളുടെ അനുമതിപത്രം ക്രിയേറ്റീവ് കോമൺസ് ലൈസൻസ് ആണെന്ന് വ്യക്തമായി പ്രദർശിപ്പിക്കാൻ സാധിക്കും.

## ക്രിയേറ്റീവ് കോമൺസ് സൃഷ്ടികൾ കണ്ടെത്തുന്നതെങ്ങനെ?

വിവിധ തരത്തിലുള്ള ലക്ഷക്കണക്കിന് സൃഷ്ടികൾ ക്രിയേറ്റീവ് കോമൺസ് അനുമതിപത്രം ഉപയോഗിച്ചിട്ടുള്ളതായിട്ടുണ്ട്. ഫോട്ടോഗ്രാഫുകൾ, കലാസൃഷ്ടികൾ, വീഡിയോ, സിനിമ, കാർട്ടൂണുകൾ, പഠനസാമഗ്രികൾ, സംഗീതം, ഗവേഷണ പ്രബന്ധങ്ങൾ, ലേഖനങ്ങൾ, വെബ്സൈറ്റ് തുടങ്ങിയ ഉള്ളടക്കങ്ങൾ ക്രിയേറ്റീവ് കോമൺസ് അനുമതിപത്രം ഉപയോഗിച്ചുകൊണ്ട് സ്വതന്ത്ര ഉപയോഗം സാധ്യമാക്കിയിട്ടുണ്ട്. അവയെല്ലാം വിവിധ സ്രോതസ്സുകളിലായി ശേഖരിക്കപ്പെട്ടിരിക്കുന്നു. തിരഞ്ഞു കണ്ടുപിടിക്കാൻ ഗൂഗിൾ പോലെയുള്ള വെബ് സെർച്ച് എഞ്ചിനുകൾ സഹായിക്കും. ഗൂഗിൾ തിരച്ചിൽ ഫലം കാണിക്കുന്നതിനൊപ്പം തന്നെ പകർപ്പപേക്ഷയുള്ളവ മാത്രം കാണിക്കാനുള്ള സംവിധാനമുണ്ട്. വിവിധ വെബ് സേവനങ്ങൾ ക്രിയേറ്റീവ് കോമൺസ് അനുമതിപത്രം ഉപയോഗിക്കുന്ന വസ്തുക്കൾ സംഭരിക്കാനും, അവയുടെ പൊതു ഉപയോഗത്തിനും അനുവദിക്കുന്നു. ഉദാഹരണമായി, വിക്കിമീഡിയ കോമൺസ്(https://commons,wikimedia.org) എന്ന സംരംഭം ഫോട്ടോഗ്രാഫുകൾ, ഓഡിയോ, വീഡിയോ എന്നിവയുടെ വലിയൊരു ശേഖരം സൂക്ഷിക്കുന്നു. ഓപ്പൺ അക്സസ് രീതിയിൽ പ്രസിദ്ധീകരിക്കുന്ന മിക്കവാറും ഗവേഷണപ്രസിദ്ധീകരണങ്ങളും ഉള്ളടക്കം ക്രിയേറ്റീവ് കോമൺസ് അനുമതിപത്രമാണ് ഉപയോഗിക്കുന്നത്. പബ്ലിക് ലൈബ്രറി ഓഫ് സയൻസ് (https://plos.org) എന്ന ഓപ്പൺ അക്സസ് പ്രസിദ്ധീകരണ സംരംഭം ഇതിനുദാഹരണമാണ്. ഓപ്പൺ അക്സസ് ഗവേഷണ ലേഖനങ്ങൾ തിരയാൻ ഗൂഗിൾ സ്കോളർ സെർച്ച് എൻജിൻ (https://scholar.google.org) ഉപയോഗിക്കാവുന്നതാണ്. ഇന്റർനെറ്റ് ആർക്കൈവ് (https://archive.org) എന്ന ബൃഹത്തായ ഡിജിറ്റൽ ലൈബ്രറി ക്രിയേറ്റീവ് കോമൺസ് അനുമതിപത്രം ഉപയോഗിക്കുന്ന നിരവധി വസ്തുക്കൾ സൂക്ഷിക്കുന്ന ഒരിടമാണ്.



*ഹിന്ദ് സ്വരാജിന്റെ ഗുജറാത്തി പതിപ്പ്*

## ഉപസംഹാരം

ഇന്ത്യപോലുള്ള വികസ്വരരാജ്യങ്ങളിൽ പഠന-ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ സ്വതന്ത്ര ലഭ്യത ഉറപ്പുവരുത്താൻ പകർപ്പപേക്ഷ അനുമതിപത്രങ്ങൾ സഹായിക്കും. പകർപ്പപേക്ഷ സൃഷ്ടികളുടെ നിർമാണം പ്രോൽസാഹിപ്പിക്കാൻ ദേശീയതലത്തിൽ ഒരു നയം നിർമിച്ച് നടപ്പിലാക്കേ ണ്ടത് ആവശ്യമാണ്. പകർപ്പപേക്ഷയുള്ള സൃഷ്ടികൾ സ്രഷ്ടാവിന് കൂടുതൽ വളർച്ചയും പുതിയ അവസരങ്ങൾ തുറന്നു കൊടുക്കാനും സഹായകമാണ്. പകർപ്പപേക്ഷയുള്ള സൃഷ്ടികളെ ഇന്റർനെറ്റിൽ കണ്ടെത്താനും തിരിച്ചറിയാനും പകർപ്പപേക്ഷ അനുമതിപത്രങ്ങൾ സഹായിക്കുന്നു. ഡിജിറ്റൽ രൂപത്തിലുള്ള എല്ലാത്തരം കലാസാഹിത്യ സൃഷ്ടികളെയും ഉൾക്കൊള്ളാൻ പോരുന്ന അനുമതി പത്രമാണ് ക്രിയേറ്റീവ് കോമൺസ്. പകർപ്പവകാശം സംരക്ഷിക്കുന്നതിനൊപ്പം സ്വതന്ത്ര വിനിയോഗം സാധ്യമാക്കുന്ന എല്ലാത്തരം നിബന്ധനകളും പാലിച്ചുകൊണ്ട് അനുമതി പത്രങ്ങൾ നിർമിക്കാൻ ക്രിയേറ്റീവ് കോമൺസ് സഹായിക്കും.

*(ഡോ. ഗോപകുമാർ - 9447056713*
*വിമൽകുമാർ വി. - 9846496323)*





**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

**പഴവിള രമേശൻ**
**അണയാത്ത ജ്വാല**
സമ്പാദനവും പഠനവും
ഡോ. വിളക്കുടി രാജേന്ദ്രൻ

'അഗ്നിയാവണമെനിക്കാളിക്കത്തണ'മെന്നു പാടിയ പഴവിള രമേശന്റെ ജീവിതത്തെയും കാവ്യസംഭാവനകളെയും രാഷ്ട്രീയ സാമൂഹിക സാംസ്കാരികരംഗങ്ങളിലെ പ്രമുഖർ അനുസ്മരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. അഞ്ചുഭാഗങ്ങളിലായി അമ്പതോളം ലേഖനങ്ങൾ.

വില : 170/-